പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4842 — 18/12/2014 -ൽ മറുപടിക്ക്

**ഭൂമി ക്രയവിക്രയം ചെയ്ത ഇനത്തിൽ രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ട തുക**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭൂമിയുടെ ന്യായവിലയിലും, രജിസ്ട്രേഷൻ ചാർജ്ജിലും വരുത്തിയിട്ടുള്ള വർദ്ധനവിന് ശേഷം ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതമാണ് രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | എ) ഭൂമിയുടെ ന്യായവിലയിൽ 50% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. അതനുസരിച്ച് നിലവിലുള്ള ന്യായവിലയുടെ ഒന്നര ഇരട്ടി അധികരിച്ച തുകയിൻ മേലാണ് കരണങ്ങൾക്ക് മുദ്ര ചുമത്തേണ്ടത്. |
| ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമിയുടെ ക്രയവിക്രയം നടത്തിയിട്ടുള്ളവർ ഏത് രൂപത്തിലാണ് രജിസ്ട്രാർ ഓഫീസിൽ പണം അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ ? | ബി) സർക്കാർ നിശ്ചയിച്ച ന്യായവിലയെക്കാൾ കുറവാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളതെങ്കിൽ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 45A(3), 45B(3) അനുശാസിക്കുന്ന വിധത്തിൽ കുറവു തുകയുടെ മുദ്രയും ഫീസും സബ് രജിസ്ട്രാറാഫീസിൽ ഒടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.